# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

**നമ്പർ: 31/2017**

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ..................................................................................................... .................................................................................................................................................... പള്ളി വികാരിയും, ദേശത്തു പട്ടക്കാരും, പള്ളി കൈസ്ഥാനികളും, ഭരണസമിതിയംഗങ്ങളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

മലങ്കര സഭയുടെ അപ്പോസ്തോലിക പൈതൃകത്തിന്റെയും സ്വത്വബോധത്തിന്റെയും തദ്ദേശീയതയുടെയും പ്രതീകമായാണ് പൗരസ്ത്യ കാതോലിക്കേറ്റ് മലങ്കരയിൽ സ്ഥാപിക്കപ്പെട്ടത്. കാതോലിക്കേറ്റിന്റെ പ്രസക്തിയും മൂല്യവും പരിശുദ്ധ സഭ മുഴുവനായി സ്മരിക്കുകയും സഭയ്ക്കുവേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കുകയും ചെയ്യുന്ന ധന്യമായ ദിനമാണ് സഭാ ദിനം അഥവാ കാതോലിക്കാദിനം. 2017-ലെ കാതോലിക്കാ ദിനം വലിയ നോമ്പിലെ 36-ാം ഞായറാഴ്ചയായ ഏപ്രിൽ മാസം 2-ാം തീയതി ഏറ്റവും ഭംഗിയായും ക്രമീകൃതമായും ആചരിക്കണം. വിശ്വാസികളുടെ വ്യക്തി ജീവിതത്തെ രൂപാന്തരപ്പെടുത്തുവാനും, കുടുംബജീവിതങ്ങളെ നവീകരിക്കുവാനും, സമൂഹജീവിതത്തെ ക്രമീകരിക്കുവാനും, സഭാ ജീവിതത്തെ വിശുദ്ധീകരിക്കുവാനുമുള്ള അവസരമായി കാതോലിക്കാ ദിന ആചരണം മാറണം എന്നതാണ് നാം ആഗ്രഹിക്കുന്നത്. മലങ്കര നസ്രാണികളുടെ ഉന്നതമായ ആത്മീയ ബോധ്യങ്ങൾക്കും സംസ്കാരത്തിനും ഉചിതമായ രീതിയിൽ സഭാ ദിനാചരണം മാതൃകാപരമായി ക്രമീകരിക്കുവാൻ ഓരോ ഇടവകയിലെയും വികാരിമാരും ഭരണസമിതിയും പ്രത്യേകം ഉത്സാഹിക്കണം. അന്നേദിവസം വി. കുർബ്ബാന മദ്ധ്യേ പരിശുദ്ധ സഭയ്ക്കുവേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കണം. എല്ലാ ദേവാലയങ്ങളിലും സഭാ പതാക ഉയർത്തുകയും സഭാ പ്രതിജ്ഞ ഏവരും ഏറ്റു ചൊല്ലുകയും ചെയ്യണം. കാതോലിക്കേറ്റിന്റെ പ്രസക്തിയും പരിശുദ്ധ സഭയുടെ വിശ്വാസവും പാരമ്പര്യവും സംബന്ധിച്ചുള്ള പ്രത്യേകമായ പ്രബോധനങ്ങൾ ക്രമീകരിക്കുകയും ചെയ്യണം.

പരിശുദ്ധ സഭയുടെ നാനാവിധമായ ആവശ്യങ്ങൾക്കുള്ള പ്രധാനമായ വരുമാനമാർഗ്ഗം കാതോലിക്കാ ദിനത്തിലെ ധനസമാഹരണത്തിലൂടെ ലഭിക്കുന്ന തുകയാണ്. ആവശ്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പരിശുദ്ധ സഭയുടെ വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും ആത്മീയ സംഘടനകളുടെ പുരോഗതിക്കും സഭയുടെ മറ്റ് പൊതുവായ ആവശ്യങ്ങൾക്കും നാം പ്രധാനമായും ആശ്രയിക്കുന്നത് ഈ വർഷവും ക്രമീകരിക്കുന്ന കാതോലിക്കാ ദിന കവർ കളക്ഷനെത്തന്നെയാണ്. പത്ത് കോടി രൂപയെ

(മറുപുറം)

ങ്കിലും 2017 - 2018 വർഷം കാതോലിക്കാദിന കവർ കളക്ഷനിലൂടെ സമാഹരിക്കണമെന്നാണ് പരിശുദ്ധ സഭ നിശ്ചയിച്ചിരിക്കുന്നത്. ആയതിനാൽ സഭാ മക്കൾ എല്ലാവരും ഈ വർഷത്തെ സഭാ ദിനാചരണത്തിലും ധനസമാഹരണത്തിലും ഹൃദയപൂർവ്വം സഹകരിക്കണമെന്ന് നാം നിങ്ങളോട് സ്നേഹപൂർവ്വം ആവശ്യപ്പെടുന്നു.

കവറും ഫോൾഡറും യഥാസമയം എല്ലാ ഭവനങ്ങളിലും എത്തിക്കണം. പ. സഭയുടെ അഭ്യുദയകാംക്ഷികളിൽനിന്നും, സഭാംഗങ്ങളായ വ്യാപാരി-വ്യവസായികൾ, ഉദ്യോഗസ്ഥർ മുതലായവരിൽനിന്നും സഭയ്ക്കുവേണ്ടി സംഭാവനകൾ സ്വീകരിക്കണം. കാതോലിക്കാദിനനിധി ശേഖരണത്തിൽ ഇടവക വികാരിമാർ പ്രത്യേകം താൽപര്യം പുലർത്തുകയും ഇടവകയിലെ ഭവനങ്ങൾ സന്ദർശിച്ച് ടാർജറ്റിൽ കവിഞ്ഞ തുക കവറുകളിൽ നിക്ഷേപിച്ച് ഭവനങ്ങളിൽ നിന്ന് അവ നിശ്ചിത സമയത്തിനുള്ളിൽ തിരികെ നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുകയും വേണം. ഈ തുകയോടുകൂടി സഭാദിന കാണിക്കയും, റശ്ശീസായും ചേർത്ത് സഭാകേന്ദ്രത്തിൽ അടച്ച് സഭയെ സഹായിക്കണമെന്ന് നാം നിങ്ങളോട് സ്നേഹത്തോടെ ആവശ്യപ്പെടുന്നു. കാതോലിക്കാ ദിന കവറുകളോടൊപ്പം കേന്ദ്രത്തിൽ നിന്നും നൽകുന്ന ഫോറം വികാരിമാർ പൂരിപ്പിച്ച് നൽകേണ്ടതാണ്. 2016-17 സാമ്പത്തിക വർഷത്തെ ടാർജറ്റും മാനദണ്ഡങ്ങളും തന്നെയാണ് ഈ വർഷവും പ. സഭ നിലനിർത്തിയിരിക്കുന്നത്. അതിൻപ്രകാരം ആ ഇടവകയിലെ ഭവനമൊന്നിന് കുറഞ്ഞത് ................ രൂപാ എന്ന നിരക്കിൽ സംഭാവന തുക നിജപ്പെടുത്തിയിരിക്കുന്നതായും ആ പള്ളിയുടെ ടാർജറ്റ് ..................................രൂപയായി നിശ്ചയിച്ചിരിക്കുന്നതായും ഇതിനാൽ അറിയിക്കുന്നു. ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ ഓരോ മെത്രാസനങ്ങളിലേയും ഇടവകമെത്രാപ്പോലീത്താമാരുടെ ചുമതലയിൽ നിശ്ചിത സ്ഥലത്തുവച്ച് ഓരോ ഇടവകകൾക്കുമുള്ള കവറുകൾ വിതരണം ചെയ്യുന്നതാണ്. ഓരോ യോഗത്തിലും അതതു മെത്രാസനങ്ങളിലെ പള്ളി വികാരിമാരും സഹപട്ടക്കാരും പള്ളി പ്രതിനിധികളും ആധ്യാത്മിക സംഘടനാ പ്രതിനിധികളും വന്ന് പങ്കെടുക്കണം. വികാരിമാർ ഹാജർ പുസ്തകത്തിൽ പേരെഴുതി ഒപ്പിടണം.

ഇപ്രകാരം ........................................................................ മെത്രാസനത്തിലെ യോഗം 2017 മാർച്ച് മാസം ...........-ാം തീയതി ............. .................. മണിക്ക് ...........................................................................................................വച്ച് നടത്തപ്പെടുന്നതാണ്.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ വി. മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

2017 ഫെബ്രുവരി മാസം 28-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.

**ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**